നിയമനത്തട്ടിപ്പ് ആവർത്തിക്കാതിരിക്കാൻ പി.എസ്.സി. സ്വീകരിച്ചിട്ടുള്ള നടപടികൾ

57 (66) ശ്രീ. എം. ഹംസ :
ശ്രീ. കെ. ടി. ജലീൽ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിൽ നിയമനത്തട്ടിപ്പ് ആവർത്തിക്കാതിരിക്കാൻ പി.എസ്.സി. സ്വീകരിച്ചിട്ടുള്ള പുതിയ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പത്ത് വർഷത്തിനിടെ നടന്ന നിയമനങ്ങൾ സംബന്ധിച്ച് പരിശോധന നടത്താൻ ഭരണ പരിഷ്ക്കാര വകുപ്പിന്റെ കീഴിൽ പ്രത്യേക സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) പരിശോധന പൂർത്തിയാക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ;

(ഡി) നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട് പി.എസ്.സി. ഉദ്യോഗസ്ഥർക്ക് പങ്കുള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പത്തു വർഷത്തിനിടെ നടന്ന നിയമനങ്ങൾ പരിശോധന നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിനുകീഴിൽ ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ തസ്തികകൾ സൃഷ്ടിച്ച് നടപടിക്രമം പാലിച്ച് സെൽ പ്രവർത്തനമാരംഭിക്കുവാൻ കാലതാമസം നേരിടുമെന്നതിനാൽ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിലെ എ.ആർ. ഒന്നുമുതൽ പത്തുവരെയുള്ള സെക്ഷനുകളെ നിയമന പരിശോധന നടത്തുവാൻ ചുമതലപ്പെടുത്തിയതിനെത്തുടർന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ പത്തു വർഷമായിനടന്ന നിയമനങ്ങൾ വരുന്ന നാലു വർഷത്തിനുള്ളിൽ പരിശോധിച്ച് തീർപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ജോലി തട്ടിപ്പുകൾ തടയാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

58 (67) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള വ്യാജ ജോലി തട്ടിപ്പുകൾ തടയാനായി പി.എസ്.സി. നടത്തുന്ന പരീക്ഷകളിലും മറ്റ് നടപടിക്രമങ്ങളിലും എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly